**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1096** **12-06-2024 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പദ്ധതികളുടെ നവീകരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ എം രാജഗോപാലൻ</td><td colspan="2">ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള കുടിവെള്ള പദ്ധതികളിൽ ഉപയോഗയോഗ്യമല്ലാത്തവയുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>ഉപയോഗ യോഗ്യമല്ലാത്ത കുടിവെള്ള പദ്ധതികളുടെ എണ്ണം<br><br><table><tr><th>ജില്ല</th><th>എണ്ണം</th></tr><tr><td>തിരുവനന്തപുരം</td><td>5</td></tr><tr><td>തൃശ്ശൂർ</td><td>14</td></tr><tr><td>കണ്ണൂർ, കാസർഗോഡ്</td><td>54</td></tr><tr><td>വയനാട്</td><td>5</td></tr><tr><td>കോഴിക്കോട്</td><td>9</td></tr><tr><td>ആകെ</td><td>87</td></tr></table></td></tr>
<tr><td>(ബി)</td><td>പഴക്കം ചെന്ന കുടിവെള്ള പദ്ധതികളുടെ നവീകരണം ഉൾപ്പെടെ, നിലവിലെ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ എത്ര പദ്ധതികൾ നവീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?</td><td>(ബി)</td><td>കാസറഗോഡ് ജില്ലയിലെ ഉപയോഗശൂന്യമായ 14 കുടിവെള്ള പദ്ധതികളുടെ വിതരണ ശൃംഖല പുതുതായി കമ്മീഷൻ ചെയ്ത ശുദ്ധജല വിതരണ പദ്ധതികളുമായി കണക്ട് ചെയ്ത് ഇപ്പോൾ പ്രവർത്തിച്ച് വരുന്നുണ്ട്.<br><br>കൂടാതെ കാസറഗോഡ് മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കാസറഗോഡ് ശുദ്ധജല വിതരണ പദ്ധതിയുടെ ശുദ്ധീകരണശാല, ടാങ്കുകൾ, ട്രാൻസ്മിഷൻ മെയിൽ പൈപ്പുകൾ, വിതരണ ശൃംഖലയുടെ പൈപ്പുകൾ ഉൾപ്പെടെയുള്ളവയുടെ നവീകരണ പ്രവർത്തി കിഫ്ബി ധനസഹായത്തോടെ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ